# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4752 | 29.06.2012 ൽ മറുപടിക്ക്

### പഞ്ചായത്ത് ഓഫീസുകളിൽ ജീവനക്കാരുടെ അപര്യാപ്തത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ഉമ്മർ : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) പഞ്ചായത്ത് ഓഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തതമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് രേഖകൾ നൽകുന്നതിൽ നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ നൽകുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായി വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അഴിമതിയും കാലതാമസവും ഒഴിവാക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കുന്നതിനും വേണ്ടി ബിൽഡിംഗ് പെർമിറ്റും ഓക്കുപൻസി സർട്ടിഫിക്കറ്റും മുൻഗണനാ ക്രമത്തിൽ അക്നോളഡ്ജ്മെന്റോടുകൂടിയ രജിസ്റ്റേർഡ് തപാലിലോ സ്പീഡ് പോസ്റ്റിലോ ഉത്തരവിറക്കുന്ന ദിവസം തന്നെ ഉടമസ്ഥർക്ക് അയച്ചുകൊടുക്കേണ്ടതാണെന്നും നിഷ്കർഷി |

| | | |
|---|---|---|
| | | ച്ചിട്ടുണ്ട്. മാത്രമല്ല ഗ്രാമ പഞ്ചായത്തുകളിൽ ലഭിക്കുന്ന അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഫ്രണ്ട്സ് കേന്ദ്രങ്ങളുടെ സേവനത്തിലൂടെ സമയബന്ധിതമായി പൊതുജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ പഞ്ചായത്തുകൾക്ക് സാധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) ഫ്രണ്ട്സ് കേന്ദ്രങ്ങൾ വഴി പഞ്ചായത്തിന്റെ സേവനങ്ങളൊന്നും പൊതുജനങ്ങൾക്ക് നൽകുന്ന രീതി ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ